## തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - നെല്ലനാട്-വാമനപുരം ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിലെ ക്ലർക്ക് തസ്തിക സംബന്ധിച്ച്

**ഉത്തരവ് നം. എ1-500/2015/സി.ഇ/തസ്വഭവ തീയതി 18.09.2017**

ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിലുള്ള ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ഒരു ക്ലർക്ക് മാത്രമാണ് സേവനമനുഷ്ഠിച്ചുവരുന്നത്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സബ് ഡിവിഷൻ വാമനപുരം ബ്ലോക്ക്പഞ്ചായത്തിന് കീഴിലുള്ള നെല്ലനാട്-വാമനപുരം ക്ലസ്റ്റർ ഗ്രാമപഞ്ചായത്തിൽ നിലവിൽ രണ്ട് ക്ലർക്കുമാർ ജോലിചെയ്തുവരുന്നു. നെല്ലനാട്-പുല്ലമ്പാറ ഗ്രാമപഞ്ചായത്തുകളിൽ ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാർ ഉള്ളതിനാൽ ആയത് ഒരോ സ്വതന്ത്ര ഗ്രാമപഞ്ചായത്തുകളായി കണക്കാക്കി നെല്ലനാട്-വാമനപുരം ക്ലസ്റ്റർ ഗ്രാമപഞ്ചായത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്ഷൻ വാമനപുരം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തുവരുന്ന സീനിയർ ക്ലർക്കായ ശ്രീ. ജയകുമാർ. റ്റി-യ്ക്ക് നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ ചുമതല കൂടി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. നെല്ലനാട് ഗ്രാമപഞ്ചായത്തിൽ നിലവിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. ബിനുകുമാർ. ജി-യ്ക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്ഷൻ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ സ്വതന്ത്രചുമതല നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധികചുമതല)

പകർപ്പ് :
1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം
2) എക്സി. എഞ്ചിനീയർ, തസ്വഭവ സബ്ഡിവിഷൻ, വാമനപുരം
3) അസി. എഞ്ചിനീയർ, നെല്ലനാട് ഗ്രാമപഞ്ചായത്ത്
4) അസി. എഞ്ചിനീയർ, പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

P 1495